## നിയമവിരുദ്ധമായി പിരിച്ചുവിട്ട തൊഴിലാളിക്ക് ഒന്നര കോടി രൂപ നല്കണമെന്ന ഉത്തരവ് റദ്ദാക്കി; പകരം ആറര വർഷത്തെ ശമ്പളം

### കേരള ഹൈക്കോടതി

O.P. (C) No. 3502/2017 Dt. 19.3.2020

സ്മിത കെ.

x

കേരള കോ-ഓപ്പറേറ്റീവ് ട്രൈബ്യൂണൽ

ഇരിങ്ങാലക്കുട സഹകരണ കാർഷിക-ഗ്രാമ വികസന ബേങ്കിൽ ജോലി ചെയ്യുകയായിരുന്നു തൊഴിലാളി. അപ്രകാരമിരിക്കെ പണാപഹരണം നടത്തിയെന്ന് ആരോപിച്ച് തൊഴിലുടമ തൊഴിലാളിക്ക് കുറ്റപത്രം നല്കുകയും അവർക്കെതിരെ അന്വേഷണം നടത്തുകയും ചെയ്തു. തഴിലാളിക്കെതിരെയുള്ള ആരോപണം തെളിഞ്ഞിട്ടുണ്ടെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തു. പ്രസ്തുത റിപ്പോർട്ടിന്റെ വെളിച്ചത്തിൽ തൊഴിലുടമ തൊഴിലാളിയെ ജോലിയിൽ നിന്ന് പിരിച്ചുവിട്ടു. ഇതിനെതിരെ തൊഴിലാളി മേലധികാരികൾക്ക് അപ്പീൽ നല്കിയെങ്കിലും വിധികൾ അനുകൂലമായിരുന്നില്ല. തുടർന്ന് തൊഴിലാളി സഹകരണ ആർബിട്രേഷൻ കോടതിയിൽ പരാതി നല്കി. തൊഴിലാളിയെ പിരിച്ചുവിട്ടത് നിയമവിരുദ്ധമാണെന്ന് പ്രഖ്യാപിച്ച ആർബിട്രേഷൻ കോടതി മുൻകാല വേതനം കൂടാതെ തൊഴിലാളിയെ തിരിച്ചെടുക്കണമെന്ന് ഉത്തരവിട്ടു. ഇതിനെതിരെ തൊഴിലാളിയും തൊഴിലുടമയും സഹകരണ ട്രൈബ്യൂണൽ മുമ്പാകെ അപ്പീൽ സമർപ്പിച്ചു. തൊഴിലാളിയെ പിരിച്ചുവിട്ടത് ശരിവയ്ക്കണമെന്ന് തൊഴിലുടമയും മുൻകാല വേതനത്തോടെ തിരിച്ചെടുക്കാൻ നിർദ്ദേശിക്കണമെന്ന് തൊഴിലാളിയും ആവശ്യപ്പെട്ടു. തൊഴിലാളിയെ തിരിച്ചെടുക്കണമെന്ന ഉത്തരവ് റദ്ദാക്കിയ ട്രൈബ്യൂണൽ പകരം നഷ്ടപരിഹാരം നല്കിയാൽ മതിയെന്ന് ഉത്തരവിടുകയും കേസ് ആർബിട്രേഷൻ കോടതിയിലേക്ക് തിരിച്ചയക്കുകയും ചെയ്തു. ഇതിനെതിരെ തൊഴിലുടമ ഹൈക്കോടതിയിൽ റിട്ട് ഹർജി നല്കിയെങ്കിലും അത് തള്ളപ്പെടുകയാണുണ്ടായത്. തുടർന്ന് സഹകരണ ആർബിട്രേഷൻ കോടതി തൊഴിലാളിക്കു നല്കേണ്ട നഷ്ടപരിഹാര തുക കണക്കാക്കി വിധി പ്രസ്താവിച്ചു. തൊഴിലാളിക്ക് ഒന്നര കോടി രൂപ നല്കണമെന്നാണ് വിധിയിൽ വ്യക്തമാക്കിയത്. തൊഴിലാളിയെ പിരിച്ചുവിട്ട തീയതി മുതൽ വിരമിക്കുന്നതുവരെയുള്ള കാലയളവിലെ വേതനത്തിനു തുല്യമായ സംഖ്യയാണ് നഷ്ടപരിഹാരമായി നിശ്ചയിച്ചത്. ഇതിനെതിരെ തൊഴിലുടമ സഹകരണ ട്രൈബ്യൂണൽ മുമ്പാകെ അപ്പീൽ സമർപ്പിച്ചു. ട്രൈബ്യൂണൽ ആർബിട്രേഷൻ കോടതിയുടെ വിധി ഭേദഗതി ചെയ്ത് നഷ്ടപരിഹാര തുക പതിനഞ്ച് ലക്ഷം രൂപയാക്കി ചുരുക്കി. ഇതിനെതിരെയും തൊഴിലാളിയും തൊഴിലുടമയും ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. നഷ്ടപരിഹാര തുക കുറയ്ക്കണമെന്ന് തൊഴിലുടമയും കൂട്ടണമെന്ന് തൊഴിലാളിയും ആവശ്യപ്പെട്ടു. തൊഴിലാളിക്കു ലഭിക്കുമായിരുന്ന ആറര വർഷത്തെ വേതനത്തിനു തുല്യമായ തുക ഏഴരശതമാനം പലിശ സഹിതം നല്കണമെന്ന ഉത്തരവിട്ട ഹൈക്കോടതി തൊഴിലാളിയിൽ നിന്ന് ബലമായി ഈടാക്കിയ ഒരു ലക്ഷം രൂപയും ഏഴര ശതമാനം പലിശ സഹിതം തിരിച്ചു നല്കണമെന്നും നിർദ്ദേശിച്ചു.